# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4679**      **19.05.2017-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടും ഭൂമിയും**

**ചോദ്യം**
**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | വീടും ഭൂമിയും ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വീടും സ്ഥലവും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന രഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമിയില്ലാത്ത 174 പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10 ലക്ഷം രൂപയിൽ അധികരിക്കാതെ 25 സെന്റ് ഭൂമി വീതം വാങ്ങി നൽകിയിട്ടുണ്ട്.<br>വനാവകാശ നിയമ പ്രകാരം 164 സാമൂഹിക അവകാശങ്ങളും, 204 ഏക്കർ ഭൂമിക്ക് വികസന അവകാശവും നൽകി. 136 പേർക്ക് വനാവകാശ നിയമ പ്രകാരം വ്യക്തിഗത കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 5075 പേർക്ക് ഭൂമി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. ഇതിനു പുറമെ സുപ്രീംകോടതി വിധി പ്രകാരം ലഭ്യമാക്കിയ ഭൂമിയിൽ 7149 ഏക്കർ ഭൂമി 4000 പേർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ